# ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ &റ്റി) നടപടിക്രമങ്ങൾ

വിഷയം:-ആ.വ.ഡ-ജീവനക്കാര്യം-ശ്രീ.സുരേഷ്ബാബു പി.വി , ജെ.എച്ച്.ഐ ഗ്രേഡ് 1 - 2018 പൊതുസ്ഥലംമാറ്റം -അപ്പീൽ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇ.ജി 2 /31315/2018 ആ.വ.ഡ , തീ-20/07/18(2)
2. കത്ത് നം. എ 7/623/2019/ജി.മെ.ഓ(ആ) കൊല്ലം തീയതി- 22/05/2019
3. കത്ത് നം. എ 3 /1049/2019 ജി.മെ.ഓ (ആ) ഇടുക്കി തീയതി-25/04/2019
4. കത്ത് നം.സി 2/44/2019/ആ.വ.ഡ , തിയതി-05/02/2019
5. ശ്രീ.സുരേഷ്ബാബു പി.വി യുടെ അപ്പീൽ അപേക്ഷ

## ഉത്തരവ് നം.ഇ ജി 2/31315/2018/ആ.വ.ഡ , തീയതി-05/08/2019

പരാമർശം (1) പ്രകാരം 2018 പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് കൊല്ലം മൺറോതുരുത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ശ്രീ.സുരേഷ് ബാബു പി.വി എന്നവരെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി ഇടുക്കി ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. ടിയാൻ ആയതിനെതിരെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിൻ പ്രകാരം ടി ജീവനക്കാരന്റെ സ്പാർക്കിൽ ലഭ്യമായ വിവരങ്ങൾ അപ്പീൽ കമ്മറ്റി വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 01/03/2013 മുതൽ തുടർച്ചയായി അഞ്ച് വർഷത്തിൽ കൂടുതൽക്കാലം കൊല്ലം ജില്ലയിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിൻ പ്രകാരം എസ്.സി/എസ്.റ്റി വിഭാഗത്തിൽ സംരക്ഷണം ലഭിക്കാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ അപ്പീൽ നിരസിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവിൻ പ്രകാരം ടി ജീവനക്കാരൻ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

പരാമർശം (5) പ്രകാരം ടിയാൻ പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ അപ്പീൽ അപേക്ഷ ആരോഗ്യകുടുംബക്ഷേമവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുൻമ്പാകെ സമർപ്പിക്കുകയും പരാമർശം (4) പ്രകാരം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും പരാമർശം 2 , 3 പ്രകാരം റിപ്പോർട്ടുകൾ ലഭ്യമാകുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടുകളും , ടിയാന്റെ സേവന പുസ്തകം , സ്പാർക്ക് ലെ

GOVERNMENT OF KERALA 2017-18

വിവരങ്ങൾ എന്നിവ വിശദമായ പരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്തിരുന്നു. അതിൻ പ്രകാരം ടി ജീവനക്കാരൻ 03/08/2013 മുതൽ കൊല്ലം ജില്ലയിൽ സേവനം തുടർന്നുവരുന്നു എന്നും , സ്ഥലംമാറ്റം നൽകിയിരുന്ന വേളയിൽ ടിയാൻ കൊല്ലം ജില്ലയിൽ അഞ്ച് വർഷം സേവനം പൂർത്തീകരിച്ചിട്ടില്ലായെന്നും , പ്രസ്തുത കാലയളവിലെ ടിയാന്റെ സ്പാർക്കിലെ സേവന വിവരങ്ങൾ യഥാസമയം അപ്ഡേറ്റ് ചെയ്യാതിരുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തുകയും ചെയ്തു. ആയതിൻ പ്രകാരം ടിയാന് എസ്.സി /എസ്.റ്റി വിഭാഗത്തിന്റെ സംരക്ഷണം ലഭിക്കാൻ അർഹതയുള്ളതാണ്.

ഈ സാഹചര്യത്തിൽ ശ്രീ.സുരേഷ് ബാബു പി.വി , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 , പി.എച്ച്.സി ഉടുമ്പൻചോല , ഇടുക്കി എന്നവരുടെ അപ്പീൽ പരിഗണിച്ച് കൊല്ലം ജില്ലയിലെ ജെ.എച്ച്.ഐ ഗ്രേഡ് 1 ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ ടിയാന് ഉചിതമായ നിയമന ഉത്തരവ് നൽകേണ്ടതും ആയതിൻപ്രകാരം ബന്ധപ്പെട്ട സ്ഥാപനമേധാവി വിടുതൽ ചെയ്യേണ്ടതുമാണ്.

ടി ഉത്തരവിന്റെ പകർപ്പ് ജീവനക്കാരന് / സ്ഥാപനമേധാവികൾക്ക് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
ഡോ.സെമീറ .എ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ &റ്റി)

സ്വീകർത്താവ്–
ബന്ധപ്പെട്ട ജീവനക്കാരന്

പകർപ്പ്–
1. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഇടുക്കി , കൊല്ലം
3. ഫയൽ /കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം //

ANJ

സൂപ്രണ്ട്

65082